**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 186** **06-10-2025 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് Expert Committee യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 7 മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സ്കോർ നൽകുകയും സ്കോർ അടിസ്ഥാനത്തിൽ 4 വിഭാഗങ്ങൾ ആക്കി ഡയമണ്ട്/ഗോൾഡ്/ സിൽവർ/ ബ്രോൺസ് എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒരു അംഗീകാരം എന്ന നിലയിലാണ് ഈ വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നത്. നഷ്ടത്തിലായ സ്ഥാപനങ്ങൾക്ക് തങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ പുരോഗതി വിലയിരുത്തുന്നതിനും ഈ നടപടികൾ കൊണ്ട് സാധിക്കും.<br><br>• കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും MoU സിസ്റ്റം (Memorandum of Understanding) നടപ്പിലാക്കി. ഇതിലൂടെ സ്ഥാപനങ്ങളുടെ പ്രവർത്തനമികവ് കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിന് സാധിക്കുന്നു.<br>• പൊതുമേഖലാ സ്ഥാപനങ്ങളുടെ സൂപ്പർവൈസറി/മാനേജീരിയൽ ഉദ്യോഗസ്ഥർക്ക് അവരുടെ കരിയർ വികസനവുമായി ബന്ധിപ്പിച്ചുകൊണ്ട് അക്കാദമിക റിഫ്രഷർ പരിശീലന |

പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. പൊതുമേഖലാ യൂണിറ്റുകളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു ഉന്നത മാനേജീരിയൽ പ്രൊഫഷണലുകളെ വികസിപ്പിക്കുക വഴി പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. കോർപ്പറേറ്റ് ഗവേണൻസ്, കോർപ്പറേറ്റ് ഫിനാൻസ്, ഇമോഷണൽ ഇന്റലിജൻസ്, മോഡേൺ ഓപ്പറേഷൻസ്, മാനേജ്മെന്റ് ടെക്നോളജീസ് എന്നീ മേഖലകളിലെ മികച്ച പ്രവർത്തനങ്ങളിലായിരിക്കും പരിശീലനം.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉത്പാദനക്ഷമത, സുതാര്യത, മാനവ വിഭവശേഷിയുടെ വികസനം, സുസ്ഥിരത എന്നിവ വർദ്ധിപ്പിച്ച് കൂടുതൽ മത്സരക്ഷമത ഉറപ്പുവരുത്തി സ്വയം പര്യാപ്തമാക്കി ശക്തിപ്പെടുത്തുക എന്ന വികസന നയത്തിന്റെ ഭാഗമായി വിവിധ പദ്ധതികളാണ് സ്ഥാപനങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

- ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ പദ്ധതികളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പദ്ധതികളാണ് സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നത്. നിലവിലെ ബിസിനസ്സ് മോഡലുകൾ പരിശോധിച്ച് സാങ്കേതികവിദ്യകളിൽ കാലാനുസൃതമായ നവീകരണം കൊണ്ടുവന്നു വിപണിയിൽ കൂടുതൽ മത്സരക്ഷമതയുള്ളവയാക്കുന്നതിനായി സംയുക്ത സംരംഭങ്ങളിൽ ഏർപ്പെടുന്നതിനും ആവശ്യകത കണക്കിലെടുത്ത് ചില ഉൽപ്പാദന സൗകര്യങ്ങളിൽ മാത്രം സംയുക്ത സംരംഭങ്ങൾ നടപ്പിലാക്കിയും സ്ഥാപനങ്ങളെ മത്സരക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.
- 2025-26 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ

വിപുലീകരണ പദ്ധതികൾക്കായി 275.10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കമ്പനികളുടെ സുഗമമായ നടത്തിപ്പിനായി ഘട്ടം ഘട്ടമായി സ്റ്റാറ്റൂട്ടറി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 42.50 കോടി രൂപ പ്രത്യേകം 2025-26 ബഡ്ജറ്റിൽ വകയിരുത്തി അനുവദിച്ച് വരുന്നു.

- പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തന സ്വയംഭരണാവകാശം നൽകുന്നതിന്റെ ഭാഗമായി ശ്രീ. പോൾ ആന്റണി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. അതിനുശേഷം ഓരോ ശുപാർശകളും വിശദമായി പരിശോധിച്ച് ഘട്ടം ഘട്ടമായി അംഗീകാരം നൽകിവരുന്നു.
- മികവുറ്റ എം.ഡി/ മറ്റു ഉദ്യോഗസ്ഥരെയും നിയമിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി വഴിയല്ലാത്ത എല്ലാ നിയമനങ്ങളും കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ടമെന്റും) ബോർഡ് വഴി നടപ്പിലാക്കി വരുന്നു.
- Safety Audit / Energy Audit ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചു വരുന്നു. പുതിയ പരിസ്ഥിതി നയത്തിനനുയോജ്യമായ രീതിയിൽ കുറഞ്ഞ ചെലവിൽ മലിനീകരണ തോത് കുറയ്ക്കുന്നതിനായി കൂടുതൽ ഇന്ധനക്ഷമതയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക മുതലായവയും ലക്ഷ്യമിടുന്നു.
- സംസ്ഥാനത്തെ പൊതുമേഖലയുടെ ചരിത്രത്തിലാദ്യമായി വൈദ്യുതി കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ 31.12.2024 വരെയുള്ള വൈദ്യുതി കുടിശ്ശികയായ 294 കോടി രൂപ ഒഴിവാക്കി നൽകി.
- സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൂടുതൽ സുതാര്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കിയതിന്റെ ഭാഗമായി കുടിശ്ശിക ഉണ്ടായിരുന്ന സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകൾ ഭൂരിഭാഗവും പൂർത്തിയാക്കാൻ സാധിച്ചു. ഒപ്പം സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകളും സമയബന്ധിതമായി നൽകുവാൻ കഴിഞ്ഞു.
- കമ്പനികളുടെ ഡയറക്ടർ ബോർഡുകളിൽ വിദഗ്ദ്ധരെ നിയമിക്കുകയും വിവിധ

മേഖലകളിൽ പ്രാവീണ്യം ലഭിച്ചവരുടെ പാനൽ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

- പൊതുമേഖലാ സ്ഥാപനങ്ങളിലെ ചെയർമാൻ, മാനേജിങ് ഡയറക്ടർ ഉൾപ്പെടെയുള്ള ഡയറക്ടർ ബോർഡ് അംഗങ്ങൾക്കും ആവശ്യമായ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്. കൂടാതെ ജീവനക്കാരുടെ കാര്യക്ഷമതയും മികവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു.
- പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവിന് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ഏറ്റവും മികച്ച സ്ഥാപനം, മാനേജിങ് ഡയറക്ടർ, ജീവനക്കാരൻ, വ്യവസായ മേഖലയെ സംബന്ധിച്ച മികച്ച മാധ്യമ റിപ്പോർട്ടിംഗ് എന്നീ മേഖലകളിലെ അവാർഡുകൾ നൽകി വരുന്നു.
- ടെക്സ്റ്റൈൽ മേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള സ്പിന്നിങ് മില്ലുകൾക്ക് വിളവെടുപ്പ് സമയത്ത് വിലക്കുറവിൽ ഗുണമേന്മയുള്ള പഞ്ഞി വാങ്ങിക്കുന്നതിനും പഞ്ഞിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി കോട്ടൺ ബോർഡ് രൂപീകരിച്ചു. ഇതിലൂടെ പഞ്ഞിയുടെ ലഭ്യത ഉറപ്പ് വരുത്തി മില്ലുകളുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഒപ്പം കയർ മേഖലകളിലെ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 5 കോടി രൂപയുടെ ‘Fibre Bank' പദ്ധതിയ്ക്ക് അംഗീകാരം നൽകി. ആദ്യ ഘട്ടമായി 1.25 കോടി രൂപയ്ക്ക് അംഗീകാരം നൽകി. കയർ മേഖലയിലെ ചകിരിയുടെയും ഉത്പന്നങ്ങളുടെയും വില സമയബന്ധിതമായി നൽകുന്നതിന് 10 കോടി revolving fund ന് സർക്കാർ അനുമതി നൽകി. കോട്ടൺ ബോർഡിന് പഞ്ഞി വാങ്ങിക്കുന്നതിനുള്ള പ്രവർത്തന മൂലധനത്തിനായി NCDC യിൽ നിന്ന് 70 കോടി രൂപ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ മത്സരക്ഷമമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത എട്ട് സ്ഥാപനങ്ങളിൽ വിദഗ്ധരുടെ സഹായത്തോടെ ഒരു Turnaround Strategy-യുടെ ഭാഗമായുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള

| | | | |
|---|---|---|---|
| | | | സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br>• വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി BPT യുടെ നേതൃത്വത്തിൽ കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ “kshoppe.in” എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിച്ച് വരുന്നു.<br>• പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യം കഴിഞ്ഞ് അധികമുള്ള ഭൂമി വ്യാവസായിക വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി കേന്ദ്ര പെട്രോളിയം കമ്പനികളുമായി ചേർന്ന് ഫ്യൂവൽ പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചു. നാല് പെട്രോൾ പമ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അധിക ഭൂമിയിൽ സെൻട്രൽ വെയർ ഹൗസിംഗ് കോർപറേഷന് ഗോഡൗൺ സ്ഥാപിക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അധിക ഭൂമി ഉപയോഗിച്ച് വരുമാനം വർധിപ്പിച്ച് പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br>• പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തി കൂടുതൽ മത്സരക്ഷമമാക്കുക എന്ന സർക്കാരിന്റെ ബദൽ വികസന നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും, സംയുക്ത സംരംഭമായ ഭെൽ-ഇ.എം.എൽ-ഉം ഏറ്റെടുത്ത് സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളാക്കി യഥാക്രമം കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കെൽ-ഇ.എം.എൽ എന്ന് പുനർനാമകരണം ചെയ്ത് പ്രവർത്തനം പുനരാരംഭിച്ച് പ്രവർത്തന പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | വ്യവസായ വകുപ്പിന് കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങളാണ് പുതിയതായി ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കിയതെന്ന് വ്യക്തമാക്കുമോ; | (ബി) | കൂടുതൽ മൂല്യ വർദ്ധനവും വിപണന സാധ്യതയുള്ളതുമായ ഉത്പന്നങ്ങൾ നിർമ്മിച്ച് വൈവിധ്യവത്ക്കരണം നടപ്പിലാക്കണമെന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾ വിവിധ നടപടികൾ സ്വീകരിച്ചിരുന്നു. ഇതിന്റെ |

| | | | |
|---|---|---|---|
| | | | ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപറേഷൻ (KELTRON), കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് (KCCL), കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (KSIE), ഫോം മാറ്റിംഗ്സ് ലിമിറ്റഡ് (FOMIL), കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ (KSCC), കേരള സ്റ്റേറ്റ് കയർ മെഷിനറി കോർപ്പറേഷൻ (KSCMMC), ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (HDCK), ഹാൻവീവ് (HANVEEV), കാപ്പെക്സ് (CAPEX) എന്നീ സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്ത ഏകദേശം മുപ്പതോളം ഉത്പന്നങ്ങൾ വിപണനത്തിന് സജ്ജമായിട്ടുണ്ട്. |
| (സി) | വ്യവസായ വകുപ്പിന്റെ എഞ്ചിനീയറിംഗ് സെക്ടറിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച കാതലായ നടപടികൾ വിശദമാക്കുമോ; | (സി) | വ്യവസായ വകുപ്പിന്റെ അധീനതയിൽ ഉള്ള സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, ആട്ടോകാസ്റ്റ് ലിമിറ്റഡ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് എൻജിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്നത്.<br><br>• നിലവിലെ ബിസിനസ്സ് മോഡലുകൾ പരിശോധിച്ച് സാങ്കേതികവിദ്യകളിൽ കാലാനുസൃതമായ നവീകരണം കൊണ്ടുവന്നു വിപണിയിൽ കൂടുതൽ മത്സരക്ഷമതയുള്ളവയാക്കുന്നതിനു സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, API (അമേരിക്കൻ പെട്രോളിയം ഇൻസ്റ്റിറ്റ്യൂട്ട്) രജിസ്ട്രേഷൻ നേടി ഖത്തർ ആസ്ഥാനമായുള്ള ഗ്യാസ് കമ്പനികളുമായി സഹകരിച്ച് അന്താരാഷ്ട്ര വിപണിയിൽ തങ്ങളുടെ സാന്നിധ്യം വികസിപ്പിക്കുന്നു, കൂടാതെ CERN (യൂറോപ്യൻ യൂണിയൻ ഫോർ ന്യൂക്ലിയർ റിസർച്ച്) എന്നിവയിൽ നിന്ന് ഓർഡറുകൾ നേടാൻ തുടങ്ങി. BARC, ഇന്ത്യയിലെ റെയിൽവേ മേഖല, യുഎസ് കമ്പനി മില്ലർ എന്നിവയ്ക്കായി കമ്പനി സ്പെഷ്യാലിറ്റി ഫോർജിംഗ്സും നിർമ്മിച്ച് നൽകിയിട്ടുണ്ട്. മിസൈൽ ഘടകങ്ങൾക്കായി അലുമിനിയം, ടൈറ്റാനിയം ഫോർജിംഗ്സ് വിതരണം ചെയ്യുന്നതിനായി അടുത്തിടെ ബ്രഹ്മോസ് എയ്റോസ്പേസിൽ നിന്ന് കമ്പനിക്ക് ഓർഡർ ലഭിച്ചു. ഫോർജിംഗ്സ് റെഡി-ഫിറ്റ് അവസ്ഥയിൽ വിതരണം ചെയ്യുന്നതിനുള്ള ഉപഭോക്താക്കളുടെ ആവശ്യം നിറവേറ്റുന്നതിനായി SIFL, 6 ടൺ ശേഷിയുള്ള ഒരു ഓപ്പൺ ഡൈ ഫോർജിംഗ് |

ഹാമർ, CNC മെഷീനിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയിലൂടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

- കപ്പലിന്റെ പ്രധാന ഘടകങ്ങൾ, അതായത് ഹാച്ച് കോമിംഗ്, അണ്ടർ വാട്ടർ മാൻവേകൾ, സബ്-അസംബ്ലികൾ എന്നിവ വിതരണം ചെയ്യുന്നതിനായി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് കൊച്ചിൻ ഷിപ്പ്യാർഡുമായി യോജിച്ച് പ്രവർത്തിച്ചുവരുന്നു. സിൽക്കിന്റെ ചേർത്തലയിലെ യൂണിറ്റിൽ തുടർച്ചയായി ഈ ഘടകങ്ങളുടെ ഉത്പാദനം നൽകാൻ ഷിപ്പ്യാർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. അടുത്തിടെ സിൽക്കിന് ഷിപ്പ്യാർഡിൽ നിന്ന് ഫാബ്രിക്കേഷൻ റോറോ വെസ്സലിനുള്ള ഓർഡർ ലഭിച്ചു. ഇത് ഫാബ്രിക്കേഷൻ കപ്പലുകളിൽ വഴിത്തിരിവായി. അഴീക്കലിലെ സിൽക്കിന്റെ യൂണിറ്റിൽ ഡ്രൈ ഡോക്കിംഗ് സിസ്റ്റവും സ്ലിപ്പ് വേയും വികസിപ്പിച്ചെടുത്തു, ചെറുകിട കപ്പൽ നിർമ്മാണത്തിൽ മാത്രമല്ല, ഇന്ത്യൻ നാവികസേനയുടെ വലിയ അന്തർവാഹിനികൾ പൊളിക്കുന്നതിനുള്ള ഓർഡറുകളും ലഭിച്ചു തുടങ്ങി. അടുത്തിടെ കേരളത്തിലെ രണ്ടു സോണുകളിലെ (North and South) കാലാവധി കഴിഞ്ഞ വാഹനങ്ങൾ സ്ക്രാപ്പിംഗ് സൗകര്യത്തിനുള്ള – Registered Vehicle Scrapping Facility- അനുമതി ലഭിച്ചു തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.
- കേരള ഓട്ടോമൊബൈൽസ് ഇ-ഓട്ടോകൾ/ ഇ-കാർട്ടുകൾ ഉൽപ്പാദിപ്പിക്കാൻ തുടങ്ങി. വിപണിയിലെ മുൻ നിര കമ്പനികളുമായി മത്സരിക്കുന്നതിനായി, ഇ-ഓട്ടോകളുടെ പുതിയ രൂപകൽപ്പനയും പുതിയ മോഡലുകളുടെ ഉത്പാദനവും കെഎഎൽ പദ്ധതിയിടുന്നു. സമാന്തരമായി, ഐസ്ക്രീം വണ്ടി, മാലിന്യ നിർമാർജന വണ്ടി തുടങ്ങിയ വിവിധ യൂട്ടിലിറ്റി മോഡലുകളിലേക്ക് കെഎഎൽ ഇ-കാർട്ടുകളെ വൈവിധ്യവൽക്കരിക്കുന്നുമുണ്ട്. ഇ-സ്കൂട്ടർ ഉൽപ്പാദനത്തിനായി സംയുക്ത സംരംഭ കമ്പനി രൂപീകരിച്ചതാണ് മറ്റൊരു പ്രധാന നേട്ടം. ഇതിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തിയായി, ഇ-സ്കൂട്ടറുകളുടെ ഉത്പാദനം ആരംഭിച്ചു. ഇത് കേരളത്തിലെ ഇ-മൊബിലിറ്റി രംഗത്തു വലിയ മാറ്റങ്ങൾ വരുത്തും.

| | | | |
|---|---|---|---|
| | | | <ul><li>ആട്ടോകാസ്റ്റിൽ വൈദ്യുതി ചാർജ്ജ് കുറയ്ക്കുന്നതിന്റെ ഭാഗമായി 2 MW സോളാർ പദ്ധതി സർക്കാർ ധനസഹായത്തോടെ കമ്മീഷൻ ചെയ്തു കഴിഞ്ഞു. കൂടാതെ കമ്പനിയുടെ അധികമുള്ള സ്ഥലത്ത് BPCL-ന്റെ പെട്രോൾ പമ്പ് താമസിയാതെ പ്രവർത്തന സജ്ജമാകും. മാത്രമല്ല സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷനു വെയർഹൗസ് സ്ഥാപിക്കുവാൻ സ്ഥലം പാട്ടത്തിനു നൽകുവാൻ ആട്ടോകാസ്റ്റ് ലിമിറ്റഡിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.</li><li>മെറ്റൽ ഇൻഡസ്ട്രീസിന്റെ നവീകരണത്തിന്റെ ഭാഗമായി 3 ടൺ ഹാമറിന്റെ ഭാഗമായുള്ള രണ്ടു ഇലക്ട്രിക് ഫർണസുകൾ സ്ഥാപിച്ചു. നിലവിലെ ഉൽപ്പാദനത്തിനുള്ള ഇന്ധനം LPG ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. വൈവിധ്യവത്കരണത്തിന്റെ ഭാഗമായി Fuel Outlet ഉം, ഉത്പന്നങ്ങളുടെ വില്പനയ്ക്കായി ഒരു ഷോറൂമും കമ്പനിയിൽ ഒരുക്കിയിട്ടുണ്ട്.</li></ul> |
| (ഡി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനത്തിനായി നടപ്പാക്കിയിട്ടുള്ള ഇ-കൊമേഴ്സ് സംവിധാനത്തെ കുറിച്ച് വിശദമാക്കുമോ; | (ഡി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി “kshoppe.in"എന്ന പേരിൽ ഇ-കൊമേഴ്സ് പോർട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്ന് വരുന്നു.<br><br>നിലവിൽ 25 പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളാണ് ഇ-കൊമേഴ്സ് പോർട്ടലിലൂടെ ഓൺലൈനായി വാങ്ങാൻ കഴിയുന്നത്. പ്രസ്തുത പോർട്ടലിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്.<ul><li>ഉപഭോക്താക്കൾക്ക് ഓൺലൈനിൽ ഉല്പന്നങ്ങൾ തിരയുന്നതിനും ഓർഡർ നൽകുന്നതിനും സൗകര്യപ്രദമായ വെബ് പ്ലാറ്റ്ഫോമിന് പുറമേ ആൻഡ്രോയിഡ് അടിസ്ഥാനമായ മൊബൈൽ ആപ്ലിക്കേഷനും ലഭ്യമാക്കിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് അവർ തിരയുന്ന ഉൽപ്പന്നങ്ങളുടെ പൂർണ വിവരണം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് ഉൽപ്പന്നങ്ങൾ വേഗത്തിൽ കണ്ടെത്താനുള്ള Filtering/Sorting സംവിധാനവും ലഭ്യമാണ്.</li></ul> |

| | | | |
|---|---|---|---|
| | | | • രാജ്യത്തെ വിവിധയിടങ്ങളിൽ ഉപഭോക്താക്കൾക്ക് ഉല്പന്നങ്ങൾ എത്തിച്ചു നൽകുന്നതിന് ഇന്ത്യ പോസ്റ്റിനെ ആണ് വിതരണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്.<br>• വിവിധ ബാങ്ക്/ യു പി എ payment സ്വീകരിക്കാവുന്ന തരത്തിൽ Payment Gateway സംവിധാനം ഒരുക്കിയിട്ടുണ്ട്.<br>• ഉപഭോക്താക്കൾക്ക് ഓർഡർ / ഡെലിവറി അപ്‌ഡേറ്റുകൾക്കായി SMS അറിയിപ്പുകൾ സജ്ജമാക്കിയിട്ടുണ്ട്.<br>• സമയബന്ധിതമായി പരാതി പരിഹാരത്തിനും അന്വേഷണത്തിനും ഉതകുന്നതരത്തിലുള്ള ഒരു പ്രൊഫഷണൽ കോൾ സെന്റർ ഉപഭോക്തൃ സേവനത്തിനായി ഒരുക്കിയിട്ടുണ്ട്.<br><br>ഇത് കൂടാതെ, കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ പരമ്പരാഗത മേഖലയുടെ വികസനത്തിന്റെ ഭാഗമായി ഉത്പന്നങ്ങളുടെ വിപണനത്തിനായി ONDCയുടെ ഇ-കൊമേഴ്സ് പോർട്ടലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ പൊതുവിതരണ വകുപ്പിന്റെ K-STORE-കൾ മുഖേനയും മറ്റ് ഓൺലൈൻ വിപണന പോർട്ടലുകൾ മുഖേനയും വില്പന നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി കുടിശിക തീർപ്പാക്കുന്നതിനായി പ്രത്യേക ധനസഹായം വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | കമ്പനികളുടെ സുഗമമായ നടത്തിപ്പിനായി ജീവനക്കാരുടെ ദീർഘകാലങ്ങളായുള്ള ആവശ്യം മുൻനിർത്തി അത്യാവശ്യമുള്ള സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 42.50 കോടി രൂപ പ്രത്യേകം 2025-26 ബഡ്ജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകി തുക നൽകിവരുന്നു. മുൻ സാമ്പത്തിക വർഷം (2024-25) 28 കോടി രൂപ ഈ ഇനത്തിൽ വകയിരുത്തി തെരഞ്ഞെടുത്ത സ്ഥാപനങ്ങൾക്ക് നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ